പതിനാലാം കേരളനിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *20

28.05.2019-ൽ മറുപടിക്ക്

## സുസ്ഥിര വികസന ലക്ഷ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കാരാട്ട് റസാഖ്<br>,, ആന്റണി ജോൺ<br>,, യു. ആർ. പ്രദീപ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനം സുസ്ഥിര വികസന ലക്ഷ്യത്തിൽ രാജ്യത്ത് ഒന്നാമതായി വളരെ ഉയർന്ന നേട്ടങ്ങൾ കൈവരിച്ചത് കൂടുതൽ മുന്നോട്ട് കൊണ്ടുപോകാനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; | (എ) 2030-ൽ എല്ലാ രാജ്യങ്ങളിലും സുസ്ഥിര വികസനം ലക്ഷ്യമിട്ടുകൊണ്ട് ഐക്യരാഷ്ട്ര സഭ വിഭാവനം ചെയ്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ എന്ന പദ്ധതി ദേശീയതലത്തിൽ നീതി ആയോഗും, സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയവും ചേർന്നാണ് നടപ്പാക്കി വരുന്നത്. ദേശീയതലത്തിൽ, രൂപകൽപ്പന ചെയ്തിട്ടുള്ള ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങളിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2018-ൽ ഐക്യരാഷ്ട്ര സഭയുടെയും ഗ്ലോബൽ ഗ്രീൻ ഗ്രോത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സഹകരണത്തോടെ നീതി ആയോഗ് തയ്യാറാക്കിയ സുസ്ഥിരവികസന ലക്ഷ്യ സൂചികയിൽ (SDG ഇന്ത്യ ഇൻഡക്സ് - 2018) കേരളത്തിന് ഒന്നാം സ്ഥാനം ലഭിക്കുകയുണ്ടായി. പതിനേഴ് സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ (അനുബന്ധം - III), പതിമൂന്ന് ലക്ഷ്യങ്ങളുമായി (12, 13, 14, 17 ലക്ഷ്യങ്ങളൊഴികെ) ബന്ധപ്പെട്ട മുൻഗണന സൂചികകളുടെ അടിസ്ഥാനത്തിലാണ് എസ്.ഡി.ജി. ഇന്ത്യ ഇൻഡക്സ് 2018 തയ്യാറാക്കിയിട്ടുള്ളത്. നല്ല ആരോഗ്യവും ക്ഷേമവും (ലക്ഷ്യം-3), ഗുണമേന്മയുള്ള വിദ്യാഭ്യാസം (ലക്ഷ്യം - |

4), ലിംഗ സമത്വം (ലക്ഷ്യം - 5) എന്നിവയിൽ കേരളം ഒന്നാം സ്ഥാനത്തും, നൂതനാശയം ഉൾക്കൊണ്ട് വ്യവസായവും പശ്ചാത്തല സൗകര്യവും വികസിപ്പിക്കൽ (ലക്ഷ്യം-9) എന്നതിൽ രണ്ടാം സ്ഥാനത്തും, വിശപ്പ് രഹിത സമൂഹം കെട്ടിപ്പടുക്കൽ (ലക്ഷ്യം-2) എന്നതിൽ മൂന്നാം സ്ഥാനത്തുമാണ്. കൈവരിച്ച നേട്ടങ്ങൾ കൂടുതൽ മുന്നോട്ടുകൊണ്ടു പോകുന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പ് നോഡൽ വകുപ്പായും, അതിന്റെ ഡയറക്ടർ നോഡൽ ഓഫീസറായും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുമുള്ള സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റിയും, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറി യായിട്ടുള്ള SDG Monitoring Group ഉം അതിനു താഴെ തട്ടിൽ ലംബവും തിരശ്ചീനവുമായ ഘടനാസംവിധാനം ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്ഥാപനതല ചട്ടക്കൂടും രൂപകൽപ്പന ചെയ്ത് പ്രവർത്തിച്ചുവരുന്നു. ഇതിന്റെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി വിവിധ തലങ്ങളിൽ ചർച്ച നടത്തി അന്തിമമായി പുറപ്പെടുവിക്കു ന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- സുസ്ഥിര വികസന ലക്ഷ്യങ്ങളെ സംബന്ധിച്ച വിവരവ്യാപനവും ബോധവൽക്കരണവും പിന്തുണയും ഉറപ്പാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ആസൂത്രണവും നിർവ്വഹണവും നിരീക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ സമഗ്ര സമീപനം തയ്യാറാക്കി മുന്നോട്ടു പോകുന്നു.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രാദേശിക പദ്ധതികളുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളും ഉചിതമായ രീതിയിൽ സംയോജിപ്പിച്ച് വിന്യസിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.
- സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന നവകേരളം കർമ്മ പദ്ധതി പോലെയുള്ള പരിപാടികളിലൂടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതി-നാവശ്യമായ അന്തർമേഖലാ ഇടപെടലുകൾ നടത്തിവരുന്നു.
- ആനുകാലിക വിവരങ്ങളുടെ (Periodic Data) അടിസ്ഥാനത്തിൽ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പുരോഗതി സമയ ബന്ധിതമായി നിരീക്ഷിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിവരുന്നു.
- സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ ധനവിഭവ സമാഹരണം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും സംസ്ഥാന പദ്ധതികളിലൂടെയും കണ്ടെത്തിവരുന്നു.
- സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ

സ്റ്റേക്ക് ഹോൾഡേഴ്സിന്റെയും (stake holders) കാര്യശേഷി വർദ്ധിപ്പിക്കുന്നതി നാവശ്യമായ പരിശീലന പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

- പാർശ്വൽക്കരിക്കപ്പെട്ടതും, പിന്നാക്കം നിൽക്കുന്നതുമായ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനാവശ്യമായ നടപടികൾ സ്വീകരിച്ച് സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ മുദ്രാവാക്യമായ "Leave No One Behind" എന്നത് അന്വർത്ഥമാക്കുന്നതിനാവശ്യമായ പരിപാടികൾ നടപ്പിലാക്കിവരുന്നു.

(ബി) സുസ്ഥിര വികസനം കൈവരിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന വികസന മിഷനുകൾ എത്രമാത്രം പ്രയോജന പ്രദമായിട്ടുണ്ടെന്നും അവയുടെ പുരോഗതിയും അറിയിക്കാമോ;

(ബി) **<u>ലൈഫ് മിഷൻ</u>**

കേരളത്തിലെ ഭവനരഹിതരുടെ പ്രശ്നങ്ങൾക്ക് സമഗ്ര പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് മിഷൻ പദ്ധതി ഒന്നാം ഘട്ടം വിജയകരമായി പൂർത്തീകരിക്കുകയും രണ്ടാം ഘട്ടം വിജയകരമായി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. കേരളത്തിലെ എല്ലാ അർഹരായ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നത് (സുസ്ഥിര വികസന ലക്ഷ്യങ്ങൾ- 1, 8, 10, 11, 16).

## ഹരിതകേരളം മിഷൻ

നാടിന്റെ പച്ചയും മണ്ണിന്റെ നന്മയും ജലത്തിന്റെ ശുദ്ധിയും പരിസരത്തിന്റെ വൃത്തിയും വീണ്ടെടുക്കാനുള്ള അനവധി പ്രവർത്തനങ്ങൾ ഹരിതകേരളം മിഷൻ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുത്ത് സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ മിഷൻ പ്രവർത്തിച്ചുവരുന്നത് (സുസ്ഥിര വികസന ലക്ഷ്യങ്ങൾ– 1, 2, 6, 12, 13, 15).

ഹരിതകേരളം മിഷന്റെ പ്രവർത്തന പുരോഗതി സംക്ഷിപ്ത രൂപത്തിൽ അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള സമയബന്ധിത കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. എല്ലാ കുട്ടികൾക്കും സൗജന്യവും സാർവ്വത്രികവുമായ ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തണമെന്നാണ് സുസ്ഥിരവികസന ലക്ഷ്യങ്ങളിൽ വിദ്യാഭ്യാസ ഇടപെടലുകളുടെ അടിസ്ഥാന സന്ദേശം. (സുസ്ഥിര വികസന ലക്ഷ്യം 4) ഇത് മുൻനിർത്തി നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികളുടെ സംക്ഷിപ്ത വിവരണം അനുബന്ധം -II ആയി കൊടുത്തിട്ടുണ്ട്.

**ആർദ്രം മിഷൻ**

സർക്കാർ ആശുപത്രികളുടെ വിപുലീകരണം, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക, ജീവിതശൈലീ രോഗങ്ങളിൽ നിന്നും പരിരക്ഷ, കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുക, നഴ്സിംഗ് വിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര നിലവാരം, ആരോഗ്യ സ്ഥാപനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെത്തട്ടിൽ നിന്നുതന്നെയുള്ള നിയന്ത്രണം എന്നിവയൊക്കെ കോർത്തിണക്കിക്കൊണ്ടാണ് ആർദ്രം മിഷൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് പാവപ്പെട്ടവർക്കും സാധാരണക്കാർക്കും സുഗമമായി ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിനാണ് ആർദ്രം മിഷൻ മുഖ്യമായും ലക്ഷ്യമിടുന്നത്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ ആർജ്ജിക്കുവാനുള്ള പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് ആർദ്രം മിഷൻ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ചാണ് നടപ്പിലാക്കി വരുന്നത്. കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും, താലൂക്ക് ജില്ലാതല ആശുപത്രികളുടെ പ്രവർത്തനങ്ങളും ഇത് അനുസരിച്ച് ശക്തിപ്പെടുത്തുകയും വിപുലപ്പെടുത്തുകയും ചെയ്തു വരുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ സർക്കാർ തലത്തിലും വകുപ്പിന്റെ വിവിധ തലങ്ങളിലും ഇടയ്ക്കിടെ അവലോകനം നടത്തുകയും, തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ക്ഷയം, മലമ്പനി, മന്ത്, കുഷ്ഠം, എയ്ഡ്സ്, കാലാ അസർ എന്നീ രോഗങ്ങളുടെ നിവാരണം ആണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി

ആരംഭിച്ചിട്ടുള്ള ആർദ്രം മിഷന്റെ പ്രവർത്തനങ്ങളും നല്ല രീതിയിൽ തന്നെ പുരോഗമിക്കുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി ഈ ആറ് രോഗങ്ങളെയും നിവാരണം ചെയ്യുവാനുള്ള പ്രവർത്തനങ്ങൾ നല്ല രീതിയിൽ തന്നെ പുരോഗമിക്കുന്നുണ്ട്. (സുസ്ഥിര വികസന ലക്ഷ്യങ്ങൾ 1, 2, 3, 6)

(സി) സാമ്പത്തികവളർച്ച സാധ്യമാക്കി മികച്ച തൊഴിൽ ലഭ്യമാക്കുന്നതിന് നടത്തി വരുന്ന പ്രധാന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

(സി) <u>വ്യവസായം</u>

വ്യവസായ മേഖലയിൽ മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടി വ്യവസായ രംഗത്ത് അടിസ്ഥാന സൗകര്യവികസനത്തിനു ഊന്നൽ നൽകി വിവിധ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. കേരളത്തിൽ വ്യവസായം ആരംഭിക്കുന്നതിനുള്ള വിവിധ ക്ലിയറൻസുകൾ ലഭ്യമാക്കുന്നതിന് K-Swift എന്ന ഓൺലൈൻ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. മികച്ച സംരംഭകരെ വളർത്തിയെടുത്ത് സംരംഭങ്ങൾ ആരംഭിച്ച് കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതിനായി കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ സംരംഭകത്വ ക്ലബ്ബുകൾ രൂപീകരിച്ച് സംരംഭകത്വ വികസന പരിശീലനം നൽകി വരുന്നു. നിക്ഷേപകരെ ആകർഷിക്കുന്നതിനായി നിക്ഷേപക സംഗമവും സംഘടിപ്പിക്കുന്നുണ്ട്. വ്യവസായ വകുപ്പിന്റെ കീഴിൽ കേരളത്തിൽ നിലവിലുള്ള 39 വ്യവസായ എസ്റ്റേറ്റുകൾ/പ്ലോട്ടുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി കൂടുതൽ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള സൗകര്യം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. വ്യവസായ ഭൂമിയുടെ ദൗർലഭ്യം പരിഗണിച്ച് ബഹുനില വ്യവസായ

സമുച്ചയങ്ങൾ നിർമ്മിച്ച് വ്യവസായ സംരഭകരെ ആകർഷിക്കുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്. ഖാദി ഗ്രാമ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനായി ഖാദി ഗ്രാമം എന്ന പദ്ധതിയും ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ വർക്ക് ഷെഡുകൾ പുനരുദ്ധരിക്കുകയും കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 8 നൂൽപ്പ് കേന്ദ്രങ്ങളും 15 നെയ്ത്ത് കേന്ദ്രങ്ങളും സ്ഥാപിച്ച് 3384 പേർക്ക് തൊഴിൽ ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്.

**കൊച്ചി മെട്രോ**

കൊച്ചി മെട്രോയിൽ ഏകദേശം 500 ജീവനക്കാരെ പ്രത്യക്ഷമായും, 1500 ജീവനക്കാരെ പരോക്ഷമായും വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് നിയമിക്കുകയും സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി സ്ത്രീകളുടെ സ്വാശ്രയ സംഘടനയായ കുടുംബശ്രീ മിഷൻ വഴി മെട്രോ സ്റ്റേഷനുകളിലെ വിവിധ സേവനങ്ങളായ ടിക്കറ്റ് വിതരണം, അധിക യാത്രാക്കൂലി ഓഫീസ്, ഹൗസ് കീപ്പിംഗ്, തിരക്ക് നിയന്ത്രണം എന്നിവ ചെയ്യുന്നു. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് കൊച്ചി നഗരത്തിനുവേണ്ടി ഒരു സംയോജിത ജലഗതാഗത സംവിധാനം വിഭാവനം ചെയ്യുകയും ആധുനികവും, സുരക്ഷിതവുമായ ജലയാനങ്ങൾ ജെട്ടികളിലേയ്ക്കുള്ള ഗതാഗത മാർഗ്ഗങ്ങൾ, പാർക്കിംഗ്, ആധുനിക ജെട്ടി സംവിധാനം, മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം തുടങ്ങിയവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**റെയിൽ വികസനം**

കൂടാതെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി സുസ്ഥിര

വികസനം ലക്ഷ്യമാക്കി കേരളത്തിന് അനുയോജ്യമായ റെയിൽ വികസന പദ്ധതികൾ തെരഞ്ഞെടുത്ത് നടത്തുന്നതിനായി കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനി തിരുവനന്തപുരം ആസ്ഥാനമായി 2017 ജനുവരി 3-ാം തീയതി രജിസ്റ്റർ ചെയ്തു. പുതിയ പാതകൾ, റെയിൽവേ സ്റ്റേഷൻ പുന:വികസനം തുടങ്ങിയ പ്രവർത്തനങ്ങളാണ് കമ്പനിയുടെ മുഖ്യധാരയിലുള്ളത്. ഇത് പുതിയ തൊഴിൽ സാധ്യതകൾക്ക് വഴിയൊരുക്കുന്നുണ്ട്.

## ഉൾനാടൻ ജലഗതാഗതം

സംസ്ഥാന ജലഗതാഗത വകുപ്പ്, സോളാർ ബോട്ട്, വേഗ (എ സി) ബോട്ട് എന്നിവ കഴിഞ്ഞ സാമ്പത്തിക വർഷം സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. പഴയ തടി ബോട്ടിനു പകരം കൂടുതൽ സോളാർ ബോട്ടുകൾ സർവ്വീസ് തുടങ്ങിയതുവഴി ഡീസൽ ചെലവ് കുറയ്ക്കുന്നതിനും ജലഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാനും ഇതു വഴി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

## ഏവിയേഷൻ

ഇതിനു പുറമേ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതി, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടത്തുന്ന കേരളത്തിന്റെ ഒരു പ്രധാന വികസന പദ്ധതിയാണ്. 2018 ഡിസംബർ 9-ന് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും വാണിജ്യാടിസ്ഥാനത്തിൽ വിമാന സർവ്വീസുകൾ ആരംഭിച്ചു. ഇപ്പോൾ ദിനം പ്രതി 61 സർവ്വീസുകൾ വിമാനത്താവളത്തിൽ നിന്നും നടക്കുന്നുണ്ട്. വിമാനത്താവളത്തിന്റെ

വികസനത്തോടൊപ്പം മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം)**

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ കീഴിൽ സംസ്ഥാനപാതകളുടെയും പ്രധാന ജില്ലാ റോഡുകളുടെയും പുനരുദ്ധാരണവും പരിപാലനവും നടപ്പിലാക്കിവരുന്നു. 2016-19 കാലയളവിൽ പ്ലാൻ ഫണ്ടിൽ നിന്നും നബാർഡ് ധനസഹായത്തോടുകൂടി 5871.03 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കിഫ്ബിയിൽ നിന്നും 2016-18 കാലയളവിൽ 135 റോഡ് പ്രവൃത്തികൾക്കായി 4910.24 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തികളെല്ലാം തന്നെ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഇതിലൂടെ സംസ്ഥാനത്ത് നിരവധി തൊഴിലവസരങ്ങൾ ലഭ്യമാകുന്നുണ്ട്. മേൽ പ്രവൃത്തികൾ പൂർത്തിയാകുന്നതിലൂടെ സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനവും അതിലൂടെ സാമ്പത്തിക വളർച്ചയും സാധ്യമാകുന്നതാണ്.

**ദേശീയപാത വികസനം**

പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ സംസ്ഥാനത്തെ ദേശീയപാതകളായ എൻ.എച്ച് 85, എൻ.എച്ച് 183, എൻ.എച്ച് 185, എൻ.എച്ച് 183 എ, എൻ.എച്ച് 744, എൻ.എച്ച് 966 എന്നിവ പേവ്ഡ് ഷോൾഡറോടു കൂടിയ നാലുവരിപ്പാതയായും എൻ.എച്ച് 66-ഉം എൻ.എച്ച് 544-ഉം സർവ്വീസ് റോഡോടുകൂടിയ 4/6 വരിപ്പാതയായും വികസിപ്പിക്കുവാനാണ് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത രീതിയിൽ ഇൻഫ്രാസ്ട്രക്ചർ വികസിപ്പിച്ചു കഴിഞ്ഞാൽ

സംസ്ഥാനത്തെ ഗതാഗത സൗകര്യങ്ങൾ ഗണ്യമായി വർദ്ധിക്കുന്നതും തൊഴിൽ സംരംഭകർ പ്രസ്ഥാനങ്ങൾ തുടങ്ങുവാൻ മുന്നോട്ട് വരാനും തന്മൂലം തൊഴിൽ സാധ്യത വർദ്ധിക്കുവാനും സാധിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ)**

ഈ സർക്കാരിന്റെ പുതിയ കാലം പുതിയ നിർമ്മാണം എന്ന ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന്റെ കീഴിൽ നിരവധി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ബഡ്ജറ്റ് പദ്ധതികൾ മുഖേനയും കിഫ്ബി മുഖേനയും നടപ്പിലാക്കി വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 68 പാലങ്ങൾക്കായി 1475 കോടി രൂപയും 8 ഫ്ലൈ ഓവറുകൾക്കായി 180 കോടി രൂപയും 4 അണ്ടർ പാസ്സേജുകൾക്കായി 40 കോടി രൂപയും അനുവദിച്ചിട്ടുള്ളതും 2017-18 സാമ്പത്തിക വർഷത്തിൽ 69 പാലങ്ങൾക്കും ഫ്ലൈ ഓവറുകൾക്കുമായി 2557 കോടി രൂപയും പ്രധാന പദ്ധതികൾക്കായി കിഫ്ബിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുള്ളതും പ്രവൃത്തികൾ നടന്നു വരുന്നതുമാണ്. ബഡ്ജറ്റ് പദ്ധതികളിലൂടെ ഏകദേശം 136-ഓളം പ്രവൃത്തികളും നബാർഡ് പദ്ധതികളിലൂടെ 26 പദ്ധതികളുടെ പ്രവർത്തനങ്ങളും നടന്നു വരുന്നു. അപകടാവസ്ഥയിലുള്ള 162 പാലങ്ങൾ പുനർനിർമ്മിക്കുന്നതിനും 208 പാലങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പത്തനാപുരത്തെ ഏനാത്ത് പാലത്തിനുണ്ടായ കേടുപാടും പ്രളയക്കെടുതിയുണ്ടാക്കിയ നാശനഷ്ടങ്ങളുടെയും അടിസ്ഥാനത്തിൽ

വിശദമായ പഠനം നടത്തി അപകടത്തിലായവ പുനർനിർമ്മിക്കുന്നതിനും പുനരുദ്ധാരണം നടത്തുന്നതും വഴി സംസ്ഥാനം സമഗ്ര വികസനം കൈവരിക്കുന്നതാണ്. മേൽ പ്രവൃത്തികൾ നടപ്പിലാക്കുന്നത് വഴി വളരെയധികം തൊഴിൽ സൗകര്യങ്ങൾ സംസ്ഥാനത്തിൽ സാധ്യമാകുന്നതാണ്. പുതിയതായി പാലങ്ങൾ നിർമ്മിക്കുന്നതിലൂടെ കേരളത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിൽ വളരെ വലിയ വളർച്ചയാണ് ഉണ്ടാകുന്നത്. കായലുകളാലും നദികളാലും ഒറ്റപ്പെട്ടുകിടന്നിരുന്ന പല സ്ഥലങ്ങളിലും പാലങ്ങൾ നിർമ്മിക്കുന്നതിലൂടെ ആ പ്രദേശത്ത് ഗതാഗത സൗകര്യം വർദ്ധിക്കുകയും എല്ലാ മേഖലകളിലും വികസനം ഉണ്ടാവുകയും അതിലൂടെ തൊഴിൽ സൗകര്യങ്ങൾ വർദ്ധിക്കുകയും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക വളർച്ചയും സാധ്യമാകുന്നുണ്ട്.

കൂടാതെ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുറേയെറെ സർക്കാർ കെട്ടിടങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയുണ്ടായി.

**പുതിയ തൊഴിലവസരങ്ങൾ (ഐ.ടി.ഐ.)**

വിദഗ്ദ്ധ തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിൽ 17 പുതിയ ഐ.ടി.ഐ.കൾ ഈ സർക്കാരിന്റെ കാലയളവിൽ തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ചു. നിലവിലുണ്ടായിരുന്ന ഐ.ടി.ഐ.കളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി മികച്ച നിലവാരമുള്ള തൊഴിൽ പരിശീലനം നൽകുന്നതിനായി 12 ഐ.ടി.ഐ.കളെ

അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചു. തൊഴിൽ ലഭ്യത കുറവായ കാലഹരണപ്പെട്ട ട്രേഡുകൾ നിർത്തലാക്കി തൊഴിൽ സാധ്യത കൂടിയ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സംസ്ഥാന നൈപുണ്യ വികസന മിഷൻ

കൂടാതെ മികച്ച തൊഴിൽ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന കെട്ടിട നിർമ്മാണ മേഖലയിൽ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC), ഡിസൈൻ മേഖലയിൽ കൊല്ലം ജില്ലയിൽ ചന്ദനത്തോപ്പിൽ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID) ഗ്രാമീണ മേഖലയിലെ യുവസമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനത്തിന് കൗശൽ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ഇതു കൂടാതെ KASE ഉം എംപ്ലോയ്മെന്റ് വകുപ്പുമായി ചേർന്ന് വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡെവലപ്പ്മെന്റ് കേന്ദ്രങ്ങൾ തുടങ്ങിയവ മുഖേനയും തൊഴിൽ പരിശീലനം നൽകി വരുന്നു.

## വിനോദസഞ്ചാരം

വിനോദസഞ്ചാര രംഗത്തെ സുസ്ഥിര വികസനത്തിന്റെ ഭാഗമായി ഉത്തരവാദിത്ത പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുകയും പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനായി 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ (Responsible Tourism Mission) രൂപീകരിച്ചു. സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം എന്നീ

ഉത്തരവാദിത്തങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ടൂറിസം മേഖലയുടെ ഉത്തരവാദിത്തപൂർണ്ണമായ വളർച്ച ഉറപ്പാക്കുന്നതിനായി മിഷൻ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പ്രാദേശീക ജനസമൂഹത്തെ പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിന് ആവശ്യമായ വിവിധ തൊഴിൽ പരിശീലനങ്ങളും അവബോധ ശിൽപ്പശാലകളും സംഘടിപ്പിക്കുകയും അവരെ ആ മിഷൻ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുക എന്നത് ആർ.ടി മിഷന്റെ പ്രധാന പ്രവർത്തനം ആണ്. നിലവിൽ പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയിൽ വിവിധ ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുന്ന പതിനയ്യായിരത്തിൽപരം രജിസ്റ്റേർഡ് ആർ.ടി. മിഷൻ യൂണിറ്റുകൾ കേരളത്തിൽ ഒട്ടാകെ പ്രവർത്തിക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം I

കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ഹരിത കേരളം മിഷന്റെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ താഴെപ്പറയുന്നു.

**ശുചിത്വ-മാലിന്യ സംസ്കരണ ഉപദൗത്യം**

| ക്രമ നം. | വിവരം | എണ്ണം |
|---|---|---|
| 1 | ഹരിതകർമ്മസേന രൂപീകരിച്ച തദ്ദേശ സ്ഥാപനങ്ങൾ | 1032 |
| 2 | ഹരിത കർമ്മസേനാംഗങ്ങളുടെ എണ്ണം | 30357 |
| 3 | അജൈവ മാലിന്യശേഖരണത്തിനുള്ള മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ | 441 |
| 4 | റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകൾ | 93 |
| 5 | ഉറവിട മാലിന്യസംസ്കരണം സജ്ജമാക്കിയ വീടുകൾ | 31.19 ലക്ഷം |
| 6 | ശേഖരിച്ച പുനചംക്രമണത്തിനു കൈമാറിയ പ്ലാസ്റ്റിക് മാലിന്യം | 9708 ടൺ |
| 7 | ശേഖരിച്ച പുനചംക്രമണത്തിനു കൈമാറിയ ഇ-മാലിന്യം | 15672 ടൺ |

- പ്രതിദിനം സംസ്ഥാനത്തുണ്ടാകുന്ന ജൈവ മാലിന്യത്തിന്റെ 45% വും ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങളിലൂടെ ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നു.
- 546 തദ്ദേശ സ്ഥാപനങ്ങളിൽ ഹരിതകർമ്മ സേന പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചു.
- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് സാങ്കേതിക സഹായം നൽകാനായി 37 ഹരിത സഹായസ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ചു.
- 17 നഗരസഭകളിലായി 170 നഗരസഭാ വാർഡുകളിൽ സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് പദ്ധതിക്ക് തുടക്കമായി.
- ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ ഒരുക്കി മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ക്യാമ്പയിൻ : ഒന്നാം ഘട്ടം പൂർത്തിയാക്കി, രണ്ടാം ഘട്ടം പുരോഗമിക്കുന്നു.
- എം.സി.എഫ്, ആർ.ആർ.എഫ്, ഹരിതകർമ്മസേന, ഗാർഹിക ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ, കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് ഉപാധികൾ, ഹരിത സഹായ സ്ഥാപനങ്ങൾ എന്നീ സംവിധാനങ്ങളിലൂടെ മാലിന്യ സംസ്കരണ ശൃംഖല യാഥാർത്ഥ്യമാക്കി.
- 69 ലക്ഷം വീടുകളിൽ മാലിന്യ സംസ്കരണ അവസ്ഥാപഠനം പൂർത്തിയാക്കി.
- 30.19 ലക്ഷം വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം സജ്ജമാക്കി.
- 15358 മാലിന്യസംസ്കരണ പ്രൊജക്റ്റുകൾ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ യാഥാർഥ്യമാവുന്നു.
- 2020 കമ്മ്യൂണിറ്റി കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചു.
- 1,320 വ്യവസായ സ്ഥാപനതല ബയോഗ്യാസ് പ്ലാന്റുകളും 97 കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചു.
- അജൈവ മാലിന്യ ശേഖരണത്തിന് 1032 തദ്ദേശ ഭരണ സ്ഥാപനങ്ങളിലായി 30357 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചു.
- 448 തദ്ദേശ ഭരണ സ്ഥാപങ്ങളിൽ മാലിന്യശേഖരണത്തിന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം സി എഫ്) സ്ഥാപിച്ചു
- സംസ്ഥാനത്തുടനീളമായി 93 റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. 84 എണ്ണം നിർമ്മാണ ഘട്ടത്തിൽ.
- 9,708 ടൺ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചു. അതിൽ 454 ടൺ റോഡ് ടാറിങ്ങിനും ബാക്കി പുനഃ ചംക്രമണത്തിനും കൈമാറി.
- 15,672 ടൺ ഇ-മാലിന്യം ശേഖരിച്ചു; പുനചംക്രമണത്തിനു കൈമാറി.
- പാഴ്‌വസ്തു വ്യാപാരികൾക്ക് രജിസ്ട്രേഷൻ: ഇതുവരെ 2350 വ്യാപാരികൾ രജിസ്റ്റർ ചെയ്തു.

- പകർച്ചവ്യാധി പ്രതിരോധത്തിന് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് 15600 വാർഡുകളിൽ ജാഗ്രതോത്സവം സംഘടിപ്പിച്ചു. ഇതിൽ 4,90,830 പേരുടെ പങ്കാളിത്തം.
- സാമൂഹ്യ ജീവിതത്തിന്റെ ഭാഗമായി ഗ്രീൻപ്രോട്ടോക്കോൾ; ഉത്സവങ്ങളിലും ആഘോഷങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ.
- സംസ്ഥാന ജില്ലാതലങ്ങളിലായി 1400 ഓഫീസുകളിലും സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലായി.
- കില, ലീഗൽ സർവീസസ് അതോറിറ്റി, പോലീസ്, പഞ്ചായത്ത്-നഗരകാര്യ വകുപ്പ്, ഗ്രാമ-നഗരാസൂത്രണ വകുപ്പ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യവകുപ്പ് എന്നിവയുമായി ചേർന്ന് ഹരിത നിയമ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു.

**ജലസംരക്ഷണം - ജലസമൃദ്ധി**

| ക്രമ നം. | വിവരം | നീളം/എണ്ണം |
|---|---|---|
| 1 | പുനരുജ്ജീവിപ്പിച്ച പുഴകൾ | 202 കി.മീ. |
| 2 | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ/തോടുകൾ | 18138 കി.മീ. |
| 3 | റീച്ചാർജ്ജ് ചെയ്ത കിണറുകൾ | 48936 എണ്ണം |
| 4 | നിർമ്മിച്ച കിണറുകൾ | 15000 എണ്ണം |
| 5 | നവീകരിച്ച കിണറുകൾ | 4625 എണ്ണം |
| 6 | നവീകരിച്ച കുളങ്ങൾ | 9889 എണ്ണം |
| 7 | നിർമ്മിച്ച കുളങ്ങൾ | 8675 എണ്ണം |

- 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നീർത്തട നടത്തം പൂർത്തിയാക്കി.
- 843 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നീർത്തടപ്ലാൻ തയ്യാറാക്കി.
- 202 കി.മി പുഴകൾ പുനരുജ്ജീവിപ്പിച്ചു.
- 18,138 കി. മി നീർച്ചാലുകൾ/ തോടുകൾ പുനരുജ്ജീവിപ്പിച്ചു.
- 48936 കിണറുകൾ റീചാർജ്ജ് ചെയ്തു, 4625 കിണറുകൾ നവീകരിച്ചു.
- 8675 കുളങ്ങൾ നിർമ്മിച്ചു, 9889 കുളങ്ങൾ നവീകരിച്ചു.
- 1,47,239 ഏക്കർ വൃഷ്ടി പ്രദേശ പരിപാലനം നിർവ്വഹിച്ചു.
- കുട്ടമ്പേരൂർ പുഴ, കിള്ളിയാർ, കോലറയാർ, വടക്കേപുഴ, ചാലംകോട് തോട്, മുട്ടം പറപ്പാ തോട്, കമ്പ്രയാർ, പെരും തോട്, പൂനൂർ പുഴ തുടങ്ങി മലിനമായി കിടന്ന ജലസ്രോതസുകൾ ശുദ്ധീകരിച്ചു; നീരൊഴുക്ക് സാധ്യമാക്കി.
- മീനച്ചിലാർ- മീനന്തറയാർ - കൊടൂരാർ പുനസംയോജനം സാധ്യമാക്കി. 800 ഹെക്ടർ കൃഷി പുനരാരംഭിച്ചു.
- കൊല്ലം ജില്ലയിലെ കൊട്ടാരക്കര പാണ്ടിവയൽ തോട് പുനരുജ്ജീവിപ്പിച്ച് പ്രദേശത്തെ നെൽ കൃഷി പുനരാരംഭിച്ചു.
- കാട്ടാക്കട മണ്ഡലത്തിൽ ജലസുരക്ഷയ്ക്ക് 'വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി' പദ്ധതി നടപ്പാക്കി.
- വരട്ടാർ നദി പുനരുജ്ജീവനം സാധ്യമാക്കി. ആദി പമ്പ- വരട്ടാർ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ട മാസ്റ്റർപ്ലാൻ തയ്യാറായി.
- പുനരുജ്ജീവിപ്പിച്ച മറ്റ് നദികളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനുള്ള രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു.
- കാനാമ്പുഴ മാസ്റ്റർ പ്ലാൻ തയ്യാറാക്കി തുടർപ്രവർത്തനങ്ങൾ ആരംഭിച്ചു. പെരും തോടിൽ പ്രത്യേക പദ്ധതിക്ക് അനുമതി നേടി.
- പുതിയ കുളങ്ങളുടെ നിർമ്മാണത്തിലൂടെയും നിലവിലുള്ള കുളങ്ങളുടെ പുനരുദ്ധാരണത്തിലൂടെയും 80,66,058 ഘന മീറ്റർ ജലസംഭരണ ശേഷി സാധ്യമാക്കി.

- ജലസംരക്ഷണ- സംഭരണ-പരിപാലനം ലക്ഷ്യമിട്ടു തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വാർഡ് അടിസ്ഥാനത്തിൽ ജല പാർലമെന്റുകൾ സംഘടിപ്പിച്ചു.
- നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നീർത്തട നടത്തം സംഘടിപ്പിച്ചു. തയ്യാറാക്കപ്പെട്ട മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണമാരംഭിച്ചു.
- ജലമിതവ്യയ ബോധവത്കരണം ലക്ഷ്യമിട്ട് സംസ്ഥാനത്തുടനീളം 'ജലമാണ് ജീവൻ' എന്ന പേരിൽ ക്യാമ്പയിൻ സംഘടിപ്പിച്ചു

**കൃഷി വികസനം - സുജലം സുഫലം**

| ക്രമ നം. | വിവരം | 2016-17 | 2017-18 | 2018-19 ഫെബ്രുവരി വരെ |
|---|---|---|---|---|
| 1 | സുസ്ഥിര നെൽകൃഷി വികസനം | 1.96 ലക്ഷം ഹെക്ടർ | 2.20 ലക്ഷം ഹെക്ടർ | 1.39 ലക്ഷം ഹെക്ടർ |
| 2 | പച്ചക്കറി കൃഷി വിസ്തൃതി | 52,850 ഹെക്ടർ | 69,475 ഹെക്ടർ | 40 ലക്ഷം വിത്ത് കിറ്റുക ളും 90.9 ലക്ഷം പച്ചക്കറി തൈകളും വിത രണം ചെയ്തു. |

**നെൽകൃഷിയിൽ വൻ മുന്നേറ്റം**

- വിവിധ പദ്ധതികളിലൂടെ 24000 ഹെക്ടർ അധിക നെൽകൃഷി സാധ്യമാക്കി.
- 8800 ഹെക്ടർ തരിശു നിലങ്ങളിൽ കൃഷി വ്യാപിപ്പിച്ചു.
- 3136 ഹെക്ടർ ഒരുപ്പൂ വിള ഇരുപ്പൂവാക്കി.
- 2625 ഹെക്ടറിൽ കരനെൽ കൃഷി ചെയ്തു.

**ജൈവകൃഷിക്ക് പ്രോത്സാഹനം**

- ക്ലസ്റ്ററുകളിലായി 5000 ഹെക്ടർ ജൈവപച്ചക്കറി കൃഷി.
- ജൈവ ഉൽപന്നങ്ങളുടെ വിപണനത്തിന് 149 ഇക്കോ ഷോപ്പുകൾ.
- ജൈവ ഉൽപന്നങ്ങളുടെ പാക്കിങ്ങിനും ലേബലിങ്ങിനുമായി 17 യൂണിറ്റുകൾ.
- കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് കർശന നടപടികൾ.
- നല്ലമുറ കൃഷിസമ്പ്രദായത്തിന് പ്രോത്സാഹനം.

**പച്ചക്കറിയിൽ സ്വയംപര്യാപ്തത**

- 998 ഹെക്ടർ തരിശുഭൂമിയിൽ പച്ചക്കറി കൃഷി.
- 2500 സ്കൂൾ വളപ്പുകളിൽ പച്ചക്കറി കൃഷി.
- 279 സ്ഥാപനങ്ങളുടെ ഭൂമിയിൽ പ്രോജക്ട് അധിഷ്ഠിത പച്ചക്കറി കൃഷി.
- നാടൻ പച്ചക്കറി ഇനങ്ങളുടെ വ്യാപനത്തിന് പ്രത്യേക പദ്ധതി

**ഗാർഹിക പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം**

- വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് 40 ലക്ഷം വിത്ത് കിറ്റുകൾ വിതരണം ചെയ്തു.
- 90.9 ലക്ഷം പച്ചക്കറി തൈകൾ കൃഷിവകുപ്പ് വിതരണം ചെയ്തു. 39227 യൂണിറ്റ് ഗ്രോബാഗുകൾ മട്ടുപ്പാവ് കൃഷിക്ക് നൽകി.
- പാറശ്ശാല, കാട്ടാക്കട, വാമനപുരം, ചിറയിൻകീഴ്, ചാത്തന്നൂർ, തളിപ്പറമ്പ്, കൊട്ടാരക്കര നിയോജക മണ്ഡലങ്ങളിൽ സമ്പൂർണ തരിശ് രഹിത പദ്ധതി.
- കാർഷിക യന്ത്രവത്കരണത്തിന് പ്രത്യേക പരിപാടി.
- കൃഷിക്ക് സാധ്യമായ എല്ലായിടങ്ങളിലും അനുയോജ്യ കൃഷിക്ക് ക്യാമ്പയിൻ പ്രവർത്തനങ്ങൾ.
- സംയോജിത കൃഷിക്ക് പ്രോത്സാഹനം.

(Section Officer)

## അനുബന്ധം-II

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് വേണ്ടി നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി താഴെ കൊടുക്കുന്നു.

| | |
|---|---|
| 1) ഒരദ്ധ്യായന വർഷം ഏറ്റവും കുറഞ്ഞത് 200 പ്രവൃത്തി ദിനങ്ങൾ ഉറപ്പാക്കണം | 1) 200 പ്രവൃത്തി ദിനങ്ങൾ ഉറപ്പാക്കുന്നത് സംബന്ധിച്ച് കരട് രേഖ തയ്യാറാക്കിയിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിഗണിച്ചാണ് ഈ വർഷത്തെ അക്കാദമിക കലണ്ടർ തയ്യാറാക്കിയിട്ടുള്ളത്. |
| 2) ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലും പ്രീപ്രൈമറി മുതൽ ഹയർസെക്കൻഡറി വരെയുള്ള വിദ്യാഭ്യാസ സൗകര്യം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്ത് ആയിരം സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുക. | 2) മുഴുവൻ വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഇതിന്റെ ഭാഗമായി ഭൗതിക സൗകര്യ വികസനത്തിനുള്ള പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടം എന്ന നിലയ്ക്ക് 2017-18 വർഷം ഒരു നിയോജക മണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് 5 കോടി കിഫ്ബി ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയുടെ ഭാഗമായി 141 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 138 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ബാക്കി സ്കൂളുകളുടെ ടെണ്ടർ നടപടി സ്വീകരിച്ചു വരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനായി 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 229 സ്കൂളുകളെ തെരഞ്ഞെടുക്കുകയും അതിൽ 70 സ്കൂളുകൾക്ക് കിഫ്ബി ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ ടെണ്ടർ നടപടി പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടി സ്വീകരിച്ചു വരുന്നു. 115 സ്കൂളുകളുടെ DPR കിഫ്ബി അംഗീകരിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കി വരുന്നു. ബാക്കിയുള്ള സ്കൂളുകൾക്ക് കിഫ്ബി അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 2018-19 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാന |

| | | | |
|---|---|---|---|
| | | | ത്തിൽ (കിഫ്ബി ധനസഹായത്തോടെ) 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി രൂപയുടേയും 500-1000 കുട്ടികൾ പഠിക്കുന്ന 444 സ്കൂളുകൾക്ക് 1 കോടി രൂപയുടേയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| 3) | ഹൈസ്കൂൾ- ഹയർസെക്കൻഡറി തലത്തിൽ എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ക്ലാസ്സ് മുറികളാക്കി കാലോചിതമായ ബോധന വിദ്യകൾ ഉപയോഗപ്പെടുത്തി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക. | 3) | 8 മുതൽ12 വരെയുള്ള 45000 ക്ലാസ്സ് മുറികളെ സാങ്കേതിക വിദ്യാ സൗഹൃദമാക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ട്. കൈറ്റാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. സാങ്കേതിക വിദ്യാ സൗഹൃദ ക്ലാസ്സ് മുറികളിൽ ആവശ്യമായ ഇ-റിസോഴ്സ് ഉറപ്പാക്കാൻ സമഗ്ര പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകൾക്കായുള്ള സമഗ്രാസൂത്രണവും സൂക്ഷ്മതലാസൂത്രണവും നടത്താനാവശ്യമായ വിഭവങ്ങൾ ഇതിനകം വികസിപ്പിച്ചു. 8 മുതൽ 10 വരെ ക്ലാസ്സുകളിലേക്കുള്ള ഡിജിറ്റൽ റിസോഴ്സുകൾ വികസിപ്പിച്ച് കഴിഞ്ഞു. ഹയർസെക്കൻഡറി ക്ലാസ്സുകളിലേക്ക് ഒന്നാം പാദത്തിനാവശ്യമായ ഡിജിറ്റൽ റിസോഴ്സ് പ്രധാന വിഷയങ്ങൾക്കെല്ലാം സജ്ജമായി. പ്രൈമറി സ്കൂളുകളെ സാങ്കേതിക വിദ്യാ സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രൈമറി തലം ഡിജിറ്റൽ റിസോഴ്സ് വികാസം നടന്നു വരുന്നു. |
| 4) | സമൂഹത്തിന്റെ ഇടപെടലുകളോടെ കാലോചിതമായ വികസനം ഉറപ്പാക്കി പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുക. | 4) | വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ പൊതു സമൂഹം വലിയ തോതിൽ പങ്കാളികളാകുന്നുണ്ട്. ഭൗതിക സൗകര്യവികസനത്തിൽ വലിയ മുന്നേറ്റം പല വിദ്യാലയങ്ങളിലും രക്ഷകർത്തൃ സമൂഹത്തിന്റെയും പൂർവ്വ വിദ്യാർത്ഥികളുടേയും നേതൃത്വത്തിൽ ഉണ്ടായിട്ടുണ്ട്. ക്ലാസ്സ് മുറികൾ ഹൈടെക്കാക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യ മെച്ചപ്പെടുത്തലുകൾ സമൂഹ പങ്കാളിത്തത്തോടെയാണ് നടന്നത്. ഉപകരണങ്ങൾ മാത്രമാണ് സർക്കാർ |

| | | | |
|---|---|---|---|
| | | | നൽകിയത്. അക്കാദമിക മാസ്റ്റർ പ്ലാനുകൾ വികസിപ്പിക്കുന്നതിൽ സക്രിയമായ പങ്ക് സമൂഹത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. |
| 5) | ഇംഗ്ലീഷ് ഭാഷ പ്രാവീണ്യമുൾപ്പടെ വിദ്യാർത്ഥികളുടെ ആശയ വിനിമയ ശേഷിയും ജീവിത നൈപുണികളും വികസിപ്പിക്കുക. | 5) | ഭാഷാ വികാസത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. ഇംഗ്ലീഷ് ഭാഷാ വികാസത്തിന് ഹലോ ഇംഗ്ലീഷ് പരിപാടി നടപ്പാക്കി വരുന്നു. നാല് ജില്ലകളിൽ ഭാഷാ ലാബ് സ്ഥാപിച്ചിട്ടുണ്ട്. പതിനാല് ജില്ലകളിൽ ഭാഷാലാബ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു. |
| 6) | ഓരോ ക്ലാസ്സിലേയും വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട അറിവും നൈപുണിയും പഠന നിലവാരവും നിഷ്കർഷിക്കണം. ഓരോ ഘട്ടത്തിലും ഈ ശേഷികൾ നേടിയോ എന്ന് വിലയിരുത്തി കുറവുണ്ടെങ്കിൽ അത് പരിഹരിക്കാനാവശ്യമായ പഠന ബോധന പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. | 6) | പഠന ലക്ഷ്യങ്ങൾ ഉറപ്പാക്കാനാവശ്യമായ നാനാതരം പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഓരോ ഘട്ടത്തിലും കുട്ടി നേടേണ്ട ശേഷികൾ 8 വരെയുള്ള ക്ലാസ്സുകളിലേത് എൻ.സി.ഇ.ആർ.ടി തയ്യാറാക്കിയ പഠനനേട്ടങ്ങളുടെ അടിസ്ഥാനത്തിലും 9-10 ക്ലാസ്സുകളിലേത് എസ്.സി.ഇ.ആർ.ടിയും തയ്യാറാക്കിയിട്ടുണ്ട്. പഠനപിന്നോക്കാവസ്ഥ അഭിമുഖീകരിക്കാൻ ശ്രദ്ധ എന്ന പേരിൽ വിവിധ പഠന പിന്തുണ പരിപാടികൾ നടപ്പിലാക്കി വരുന്നു. |
| 7) | തൊഴിലധിഷ്ഠിത വിദ്യാഭ്യാസം | 7) | തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളെ പരീക്ഷയുടെ അടിസ്ഥാനത്തിൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് കൂടുതൽ വിദ്യാലയങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കും. |
| 8) | ജന പങ്കാളിത്തത്തോടെ എയ്ഡഡ് വിദ്യാലയങ്ങൾ നവീകരിക്കണം. | 8) | എയ്ഡഡ് വിദ്യാലയങ്ങളുടെ നവീകരണത്തിനായി നൽകുന്ന ചലഞ്ച് ഫണ്ട് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. |
| 9) | ഒരു വിദ്യാലയത്തിനകത്ത് പ്രവർത്തിക്കുന്ന എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർസെക്കൻഡറി | 9) | ഏകോപന സാധ്യതകളെല്ലാം പ്രയോജനപ്പെടുത്തി വരുന്നു. |

| | |
|---|---|
| വിഭാഗങ്ങളുടെ ഏകോപിതമായ പ്രവർത്തനത്തിനുള്ള നടപടികൾ നിർദ്ദേശിക്കുക | |
| 10) ജൈവവൈവിധ്യ ഉദ്യാനവും ഓട്ടിസം പാർക്കും സ്ഥാപിക്കുക. | 10) 2017-18 വർഷം 1200 സ്കൂളുകൾക്ക് ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുകയുണ്ടായി. 2018-19 ൽ ഇതിനായി 3 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ DPI യിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. ഏറ്റവും നല്ല ജൈവവൈവിധ്യ പാർക്കിന് അവാർഡ് നൽകിയിട്ടുണ്ട്.14 ജില്ലകളിലും ഓട്ടിസം പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുണ്ട്. ആയതിന്റെ ഒന്നാം ഘട്ടം എന്ന നിലയിൽ 8 ജില്ലകളിൽ ഓട്ടിസം പാർക്ക് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ

## അനുബന്ധം -III

## SUSTAINABLE DEVELOPEMENT GOALS (സുസ്ഥിര വികസന ലക്ഷ്യങ്ങൾ)

| | | |
|---|---|---|
| GOAL 1: | End poverty in all its forms everywhere | എല്ലായിടത്തും, എല്ലാതരത്തിലുമുള്ള ദാരിദ്ര്യനിർമ്മാർജ്ജനം |
| GOAL 2: | End hunger, achieve food security and improved nutrition and promote sustainable agriculture | വിശപ്പില്ലായ്മ, ഭക്ഷ്യസുരക്ഷ, മെച്ചപ്പെട്ട പോഷകാഹാരം എന്നിവ ഉറപ്പു വരുത്തൽ; സുസ്ഥിര കാർഷിക വൃത്തി പ്രോത്സാഹിപ്പിക്കൽ |
| GOAL 3: | Ensure healthy lives and promote well-being for all at all ages | എല്ലാ പ്രായത്തിലുമുള്ള ജനങ്ങൾക്കും, ക്ഷേമവും ആരോഗ്യ ജീവിതവും ഉറപ്പാക്കൽ |
| GOAL 4: | Ensure inclusive and equitable quality education and promote lifelong learning opportunities for all | സങ്കലിതവും, തുല്യതയും, ഗുണപരതയുമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും; ആയുഷ്കാല വിജ്ഞാനാർജ്ജിത അവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക |
| GOAL 5: | Achieve gender equality and empower all women and girls | സ്ത്രീകളെയും പെൺകുട്ടികളെയും ശാക്തീകരിക്കുകയും; ലിംഗസമത്വം കൈവരിക്കുകയും ചെയ്യുക |
| GOAL 6: | Ensure availability and sustainable management of water and sanitation for all | ജലത്തിന്റെ ലഭ്യതയും, സുസ്ഥിര പരിപാലനവും, ശുചിത്വവും എല്ലാവർക്കും ഉറപ്പു വരുത്തുക |
| GOAL 7: | Ensure access to affordable, reliable, sustainable and modern energy for all | താങ്ങാവുന്നതും, അവലംബിക്കാവുന്നതും, സുസ്ഥിരവും, ആധുനികവുമായ ഊർജ്ജത്തിന്റെ പ്രാപ്യത എല്ലാവർക്കും ഉറപ്പുവരുത്തുക |
| GOAL 8: | Promote sustained, inclusive and sustainable economic growth, full and productive employment and decent work for all | ഗുണപരവും, ലാഭകരവും, മാന്യവുമായ തൊഴിലും; സർവോന്മുഖവും, അനസ്യൂതവുമായ സുസ്ഥിര സാമ്പത്തിക വളർച്ചയും പ്രോത്സാഹിപ്പിക്കുക |
| GOAL 9: | Build resilient infrastructure, promote inclusive and sustainable industrialization and foster innovation | നൂതന മാറ്റങ്ങൾക്കനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് സുസ്ഥിരമായ വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കുക |
| GOAL 10: | Reduce inequality within and among countries | രാജ്യത്തിനകത്തും പുറത്തുമുള്ള അസമത്വം കുറയ്ക്കുക |
| GOAL 11: | Make cities and human settlements inclusive, safe, resilient and sustainable | നഗരങ്ങളെയും മനുഷ്യ ആവാസ വ്യവസ്ഥകളെയും സങ്കലിതവും, |

| | | |
|---|---|---|
| | | സുരക്ഷിതവുമായ മാറ്റങ്ങൾക്കനുസൃതമായ രീതിയിൽ സുസ്ഥിരപ്പെടുത്തുക |
| GOAL 12: | Ensure sustainable consumption and production patterns | സുസ്ഥിര ഉപഭോഗവും, ഉത്പാദന രീതിയും ഉറപ്പുവരുത്തുക |
| GOAL 13: | Take urgent action to combat climate change and its impacts | കാലാവസ്ഥാ വ്യതിയാനവും, അതിന്റെ പ്രത്യാഘാതങ്ങളും അടിയന്തരമായി പരിഹരിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളുക. |
| GOAL 14: | Conserve and sustainably use the oceans, seas and marine resources for sustainable | സമുദ്രങ്ങളുടെയും, സമുദ്രോൽപ്പന്നങ്ങളുടെയും സുസ്ഥിര ഉപഭോഗവും, സംരക്ഷണവും ഉറപ്പു വരുത്തുക |
| GOAL 15: | Protect, restore and promote sustainable use of terrestrial ecosystems, sustainably manage forests, combat desertification, and halt and reverse land degradation and halt biodiversity loss | ഭൗമ-വന ആവാസവ്യവസ്ഥകളുടെ സന്തുലിതമായ ഉപയോഗവും, സംരക്ഷണവും, പുനരുജ്ജീവനവും പ്രോത്സാഹിപ്പിക്കുക വഴി ജൈവവൈവിധ്യ ശോഷണം, മണ്ണിന്റെ മൂല്യച്യുതി, മരുഭൂമിയാകൽ പ്രക്രിയ എന്നിവക്കറുതി വരുത്തുക. |
| GOAL 16: | Promote peaceful and inclusive societies for sustainable development, provide access to justice for all and build effective, accountable and inclusive institutions at all levels | സുസ്ഥിര വികസനത്തിനായി സമാധാനപരവും സങ്കലിതവുമായ സമൂഹത്തെ പ്രോത്സാഹിപ്പിക്കുക; ഫലപ്രദവും, ഉത്തരവാദിത്തം ഉള്ളതുമായ നീതിനിർവ്വഹണ സ്ഥാപന സംവിധാനങ്ങൾ എല്ലാതലങ്ങളിലും വിന്യസിക്കുന്നതിലൂടെ തുല്യനീതി ഉറപ്പ് വരുത്തുക |
| GOAL 17: | Strengthen the means of implementation and revitalize the global partnership for sustainable development | സുസ്ഥിര വികസനത്തിനായുള്ള ആഗോള പങ്കാളിത്തം പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ നിർവ്വഹണ ഉപാധികൾ ശാക്തീകരിക്കുക |

സെക്ഷൻ ഓഫീസർ